# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

## പ്രളയാനന്തര നിർമ്മാണത്തിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പരിഷ്കരണം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : *123      12.06.19- ൽ മറുപടി പറയേണ്ടത്

| ചോദ്യം<br>ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അനൂപ് ജേക്കബ്. | | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുന്നതിനുള്ള അവ്യക്തത മൂലം ഇത് സംബന്ധിച്ച സർക്കാർ നടപടികൾ മെല്ലെപ്പോകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അവ്യക്തതയില്ല. |
| (ബി) | നഗരപ്രദേശങ്ങൾക്കും പഞ്ചായത്തുകൾക്കും പ്രത്യേക കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കാതെ പ്രളയാനന്തര കേരള നിർമ്മാണം ഫലപ്രദമാകില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിലവിൽ നഗരപ്രദേശങ്ങൾക്കും പഞ്ചായത്തു പ്രദേശങ്ങൾക്കും പ്രത്യേക കെട്ടിട നിർമ്മാണ ചട്ടങ്ങളാണ് ഉള്ളത്. നഗര പ്രദേശങ്ങൾക്കായി 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളും പഞ്ചായത്ത് പ്രദേശങ്ങൾക്കായി 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും പ്രാബല്യത്തിലുണ്ട്. |
| (സി) | ഇക്കാര്യത്തിനായി നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നക്കൽ സമർ- | (സി) | നിലവിലുള്ള കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പരിഷ്കരിച്ച് പുതിയ ചട്ടങ്ങൾ രൂപീകരി- |

| | | | |
|---|---|---|---|
| | പ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | | ക്കുന്നതിന് നിയോഗിച്ച കമ്മിറ്റി ഒരു പ്രാഥമിക കരട് സമർപ്പിക്കുകയും അതുമായി ബന്ധപ്പെട്ട് യോഗങ്ങളും ചർച്ചകളും വകുപ്പുതലത്തിൽ നടത്തുകയുമുണ്ടായി. പ്രസ്തുത യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കരടിൽ വേണ്ട ഭേദഗതി വരുത്തി, ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പരിഷ്കരിച്ച കരട് ചട്ടങ്ങൾ തയ്യാറാക്കി സമർപ്പിക്കാൻ മുഖ്യനഗരാസൂത്രകന് നിർദ്ദേശം നൽകിയിരിക്കുകയാണ്. |
| (ഡി) | പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനും പ്രത്യേകം പ്രത്യേകം ചട്ടങ്ങൾ ഉണ്ടാക്കുമെന്ന മുൻതീരുമാനം ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ? | (ഡി) | ഉപേക്ഷിച്ചിട്ടുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടാണ് മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും നിലവിൽ ബാധകമായിട്ടുള്ളത്. ആയതിനാൽ ടി ആക്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങളും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനും ഒന്ന് മതി എന്ന് തീരുമാനമെടുത്തിട്ടുണ്ട്. നിലവിൽ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പ്രത്യേകം ചട്ടങ്ങൾ ഉണ്ടാക്കാനാണ് തീരുമാനം. |

സെക്ഷൻ ഓഫീസർ